"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

സാമൂഹ്യനീതി വകുപ്പ് - 2025-2026 സാമ്പത്തിക വർഷം കേരള സംസ്ഥാന ഭിന്നശേഷിക്ഷേമ കോർപ്പറേഷൻ മുഖേന ഭിന്നശേഷിക്കാർക്കുള്ള ഉപജീവന വികസന കേന്ദ്രം സ്ഥാപിക്കൽ (Setting up of livelyhood development centres exclusively for the persons with disabilities(PwDs) ) എന്ന പദ്ധതിയ്ക്കായി തുക വിനിയോഗിക്കുന്നതിനു ഭരണാനുമതി നൽകി കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**സാമൂഹ്യനീതി (എ) വകുപ്പ്**

സ.ഉ.(സാധാ) നം.304/2025/SJD തീയതി,തിരുവനന്തപുരം, 07-11-2025

---

പരാമർശം:-

1. കേരള സംസ്ഥാന ഭിന്നശേഷിക്ഷേമ കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടറുടെ 23.09.2025-ലെ കെ.എസ്.എച്ച്.പി.ഡബ്ല്യൂ.സി./520/2024-എ.5. നമ്പർ കത്ത്.
2. 08.10.2025-ൽ കൂടിയ വകുപ്പുതല വർക്കിംഗ് ഗ്രൂപ്പ് യോഗത്തിന്റെ നടപടിക്കുറിപ്പ്

**ഉത്തരവ്**

2025-2026 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനയിൽ 2235-02-190-98-പ്ലാൻ ശീർഷകത്തിൽ കേരള സംസ്ഥാന ഭിന്നശേഷിക്ഷേമ കോർപ്പറേഷന്റെ പ്രവർത്തനങ്ങൾക്കായി 11,00,00,000/- രൂപയും, 4235-02-190-99-പ്ലാൻ എന്ന ശീർഷകത്തിൽ "ഭിന്നശേഷിക്കാരുടെ ഉന്നമനത്തിന് വേണ്ടിയുള്ള കോർപ്പറേഷൻ നിക്ഷേപങ്ങൾ" എന്ന പദ്ധതിയ്ക്കായി 5,00,00,000/- രൂപയും വകയിരുത്തിയിട്ടുണ്ട്. കേരള സംസ്ഥാന ഭിന്നശേഷിക്ഷേമ കോർപ്പറേഷൻ മുഖേന നടപ്പിലാക്കുന്ന ഭിന്നശേഷിക്കാർക്കുള്ള ഉപജീവന വികസന കേന്ദ്രം സ്ഥാപിക്കൽ - Setting up of livelyhood development centres exclusively for the persons with disabilities(PwDs) " എന്ന പദ്ധതിയ്ക്കായി 2235-02-190-98-പ്ലാൻ എന്ന ശീർഷകത്തിൽ നിന്നും 25,00,000/- രൂപയും, 4235-02-190-99-പ്ലാൻ എന്ന ശീർഷകത്തിൽ നിന്നും 20,55,000/- രൂപയും വിനിയോഗിക്കുന്നതിന് ഭരണാനുമതി നൽകണമെന്ന് അഭ്യർത്ഥിച്ച് കേരള സംസ്ഥാന ഭിന്നശേഷിക്ഷേമ കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടർ പരാമർശം 1-പ്രകാരം പ്രപ്പോസൽ സമർപ്പിച്ചിരുന്നു.

2. പരാമർശം 2-പ്രകാരമുള്ള വകുപ്പുതല വർക്കിംഗ് ഗ്രൂപ്പ് യോഗത്തിൽ ഈ വിഷയം പരിഗണിക്കുകയും നൈപുണ്യ പരിശീലനം പ്രൊപ്പോസലിൽ പരാമർശിച്ചിരിക്കുന്ന മൂന്ന് ട്രേഡുകളിൽ മാത്രമായി പരിമിതപ്പെടുത്തരുതെന്ന വ്യവസ്ഥയോടെ ഭരണാനുമതി നൽകാവുന്നതാണെന്ന് ശിപാർശ ചെയ്യുകയുമുണ്ടായി.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 2025-2026 സാമ്പത്തിക വർഷത്തെ 2235-02-190-98-പ്ലാൻ എന്ന ശീർഷകത്തിൽ കേരള സംസ്ഥാന ഭിന്നശേഷിക്ഷേമ കോർപ്പറേഷന്റെ പ്രവർത്തനങ്ങൾക്കായി വകയിരുത്തിയിട്ടുള്ള തുകയിൽ നിന്നും 25,00,000/- രൂപയും (ഇരുപത്തിയഞ്ച് ലക്ഷം രൂപ മാത്രം), 4235-02-190-99-പ്ലാൻ എന്ന ശീർഷകത്തിൽ "ഭിന്നശേഷിക്കാരുടെ ഉന്നമനത്തിന് വേണ്ടിയുള്ള കോർപ്പറേഷൻ നിക്ഷേപങ്ങൾ" എന്ന പദ്ധതിയ്ക്കായി വകയിരുത്തിയിട്ടുള്ള തുകയിൽ നിന്നും 20,55,000/- രൂപയും (ഇരുപത് ലക്ഷത്തി അമ്പത്തി അയ്യായിരം രൂപ മാത്രം) കേരള സംസ്ഥാന ഭിന്നശേഷിക്ഷേമ കോർപ്പറേഷൻ മുഖേന ഭിന്നശേഷിക്കാർക്ക് നൈപുണ്യ പരിശീലനവും തൊഴിലവസരവും നല്കുന്നതിനും ഉല്പന്ന വികസനത്തിനും വിപണി കണ്ടെത്തുന്നതിന് സഹായവും നല്കുന്നതിനായി ഉപജീവന വികസന കേന്ദ്രം സ്ഥാപിക്കൽ (Setting up of livelyhood development centres exclusively for the persons with disabilities(PwDs)) എന്ന പദ്ധതിയ്ക്കായി, പരാമർശം 2-ലെ വ്യവസ്ഥക്ക വിധേയമായി, വിനിയോഗിക്കുന്നതിന് കേരള സംസ്ഥാന ഭിന്നശേഷിക്ഷേമ കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടർക്ക് ഭരണാനുമതി നൽകി കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SUSAN LOPEZ
ജോയിന്റ് സെക്രട്ടറി

മാനേജിംഗ് ഡയറക്ടർ, കേരള സംസ്ഥാന ഭിന്നശേഷിക്ഷേമ കോർപ്പറേഷൻ, പൂജപ്പുര, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്/എ&ഇ), കേരളം, തിരുവനന്തപുരം
ഡയറക്ടർ, സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ്, പട്ടം, തിരുവനന്തപുരം
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ ഡിവിഷൻ, വിവര പൊതുജന സമ്പർക്ക വകുപ്പ് (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
ഓഫീസ് പകർപ്പ് / കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം
Signed by
Vipin S D
Date: 07-11-2025 14:35:37

പകർപ്പ്:- ബഹു.ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്